**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഹരിത കേരളം മിഷന്റെ ജല ഉപമിഷൻ മാർഗ്ഗ രേഖയുടെ അടിസ്ഥാനത്തിൽ നീർത്തട പ്ലാൻ തയാറാക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകൾക്കായി തനതു ഫണ്ടിൽ നിന്നും പരമാവധി **8000/-**രൂപ വരെ വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2465/2018/തസ്വഭവ തിരുവനന്തപുരം, തീയതി 22.09.2018

---

പരാമർശം:- 1. 23.01.2017 ലെ സ.ഉ (അച്ചടി)നം. 20/2017/ജെ.വി.വ നമ്പർ ഉത്തരവ്

2. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 07.07.2018 ലെ 258/HKM/2017 നമ്പർ കത്ത്

**ഉത്തരവ്**

ഹരിതകേരളം മിഷൻ - ജല ഉപമിഷൻ സംബന്ധിച്ച് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ രേഖയുടെ അടിസ്ഥാനത്തിൽ നീർത്തട പ്ലാൻ തയാറാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള സമിതിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഭൂപടങ്ങളുടെ പകർപ്പെടുക്കൽ, പഞ്ചായത്ത് പ്രദേശങ്ങളിൽ നടത്തേണ്ട യാത്രകൾ, ലഘു ഭക്ഷണം, യോഗം ചേരൽ, അച്ചടി എന്നിവയുമായി ബന്ധപ്പെട്ട് പ്രതീക്ഷിക്കുന്ന ചെലവുകൾ നിർവ്വഹിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും പരമാവധി 8000/-രൂപ വരെ വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന് ഹരിതകേരളംമിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ അനുവാദത്തോടെ, ഹരിത കേരളം മിഷന്റെ ജല ഉപമിഷൻ മാർഗ്ഗ രേഖയുടെ അടിസ്ഥാനത്തിൽ നീർത്തട പ്ലാൻ തയാറാക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ചെലവുകൾക്കായി തനതു ഫണ്ടിൽ നിന്നും പരമാവധി 8000/-രൂപ വരെ വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു എൽ**

**സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിത കേരളം മിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )

എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ(എസ്.എഫ്.സി സെൽ എ) വകുപ്പ് (U.O noteNo. SFC.- A2/ 94/ 2018-Fin )
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ